ശുചിത്വ മിഷൻ
തദ്ദേശ സ്വയം ഭരണ വകുപ്പ്
കേരള സർക്കാർ

നം. 3327/സി2/2016/എസ്.എം. തീയതി 24/12/2016

പ്രേഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ കോ-ഓർഡിനേറ്റർമാർ / തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ

സർ,

വിഷയം:- ത.സ്വ.ഭ.വ- ശുചിത്വ മിഷൻ- റീ-സൈക്ലിംഗ് വ്യവസായം ആരംഭിക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിവരം ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശം.

സംസ്ഥാനത്ത് റീ-സൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനുവരി മാസത്തിൽ ഒരു 'Investers' Meet' സംഘടിപ്പിക്കുന്നു. ഈ സംരംഭത്തിന്റെ ഭാഗമായി റീ-സൈക്ലിംഗ് പാർക്കുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള അനുയോജ്യമായ ഭൂമിയുടെ വിവരശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി. ആകയാൽ റീ-സൈക്ലിംഗ് പാർക്ക് സ്ഥാപിക്കാൻ അനുയോജ്യമായ ഭൂമിയുടെ വിവരങ്ങൾ ഇതോടൊപ്പം നൽകുന്ന പ്രൊഫോർമയിൽ 2016 ഡിസംബർ 31-ന് മുമ്പ് ശുചിത്വമിഷന് നൽകേണ്ടതാണ്. സമയബന്ധിതമായി വിവരശേഖരണ ഫാറം ലഭ്യമാക്കിയിട്ടുണ്ട് എന്ന് ജില്ലാ കോ-ഓർഡിനേറ്റർമാരും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം:- വിവരശേഖരണ ഫാറം

പ്രോഗ്രാം ഓഫീസർ (ഹെൽത്ത്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി

പകർപ്പ് :- ഐ.കെ.എം.
(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ-മെയിൽ നൽകുന്നതിലേയ്ക്ക്)

സ്വരാജ് ഭവൻ, ബേസ്മെന്റ് ഫ്ളോർ (-1), നന്തൻകോട് പി.ഒ, തിരുവനന്തപുരം, പിൻ 695 003
ഫോൺ: 0471 – 2327730, 2339831, 2325730 ഫാക്സ് : 0471 – 2326334, ഇ.മെയിൽ : sanitation@gmail.com

BR

## റീസൈക്ലിങ്ങ് വ്യവസായം ആരംഭിക്കുന്നതിലേക്ക് ഉപയോഗിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള അനുയോജ്യമായ ഭൂമി സംബന്ധിച്ച വിവരശേഖരണ ഫോറം (50 സെന്റും അതിനുമുകളിലും മാത്രം)

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

2. ലഭ്യമായ ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലം :

   വില്ലേജ് :

   സർവ്വേ നമ്പർ :

3. സ്ഥലത്തിന്റെ വിസ്തൃതി (സെന്റിൽ) :

4. സ്ഥലത്തിന്റെ എലുക

   വടക്ക് :

   തെക്ക് :

   കിഴക്ക് :

   പടിഞ്ഞാറ് :

5. ജനവാസ മേഖലയാണോ ? :

6. അതെയെങ്കിൽ ഏറ്റവുമടുത്ത ജനവാസമേഖലയുമായുള്ള അകലം (മീറ്ററിൽ) :

7. ഭൂമിയുടെ തരം (സമതലം, കുന്നിൻപുറം, നിലം, വെള്ളക്കെട്ട്, ഉറപ്പുള്ള ഭൂമി, ചരിഞ്ഞ പ്രദേശം തുടങ്ങി) :

8. ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലത്തെ നിലവിലെ ഭൗതിക സൗകര്യങ്ങൾ (വിശദമാക്കുക) :

   റോഡ് സൗകര്യം :

   (വീതി /തരം) :

   ജല ലഭ്യത :

   വൈദ്യുതി :

   കെട്ടിടങ്ങൾ (അളവ് സഹിതം) :

(ഒപ്പ്)
സെക്രട്ടറി